## പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ- എച്ച്. ദിനേശൻ ഐഎഎസ്)

വിഷയം:- പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ഓൺലൈൻ പൊതുസ്ഥലമാറ്റം 2022 - അക്കൗണ്ടന്റ് തസ്തികയിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ പട്ടിക അന്തിമാക്കിയും, പൊതുസ്ഥലമാറ്റം അനുവദിച്ചും ഉത്തരവാകുന്നു.

പരാമർശം:-
1. സ.ഉ (പി) നം 3/2017/P&ARD തീയതി 25.02.2017
2. സ.ഉ (കൈ) നം 125/2022/LSGD തീയതി 16.06.2022
3. സ.ഉ (കൈ) നം 130/2022/LSGD തീയതി 22.06.2022
4. പഞ്ചായത്ത് ഡയറക്ടറുടെ 25/06/2022, 01-07-2022, 19-07-2022 ലെ PAN/11965/2021-E1(DP) നമ്പർ സർക്കുലറുകൾ
5. ഈ കാര്യാലയത്തിലെ 05.08.2022 ലെ ഇതേ നമ്പർ നോട്ടീസ്
6. പഞ്ചായത്ത് ഡയറക്ടറുടെ 13.08.2022 ലെ PAN/11965/2021-E1(DP) നമ്പർ സർക്കുലർ
7. ഈ കാര്യാലയത്തിലെ 26.08.2022 ലെ ഇതേ നമ്പർ നോട്ടീസ്
8. ഈ കാര്യാലയത്തിലെ 15/09/2022 ലെ ഇതേ നമ്പർ നോട്ടീസ്
9. ഈ കാര്യാലയത്തിലെ 17/09/2022 ലെ ഇതേ നമ്പർ നടപടിക്രമം

**ഉത്തരവ് നമ്പർ: PAN/6/2022-E13(DP) (1) തീയതി :11/11/2022**

പരാമർശം (1) പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട് വകുപ്പ് മേധാവികൾ ജീവനക്കാരുടെ ഇലക്ട്രോണിക്ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനും, ഓൺലൈൻ മുഖാന്തിരം സ്ഥലംമാറ്റം നടത്തുന്നതിനുമായി പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ഓൺലൈൻ സമ്പ്രദായത്തിലൂടെയുള്ള പൊതുസ്ഥലമാറ്റവും നിയമനവും സംബന്ധിച്ച മാനദണ്ഡങ്ങൾ അംഗീകരിച്ച് പരാമർശം (2) (3) എന്നിവ പ്രകാരം ഉത്തരവായിരുന്നു.

ഇൻഫോർമേഷൻ കേരള മിഷൻ തയ്യാറാക്കിയ General Transfer Application സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ മുഖാന്തിരം പഞ്ചായത്ത് വകുപ്പിലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചും മാനദണ്ഡങ്ങൾ നിശ്ചയിച്ചും വിവിധ സമയങ്ങളിലായി പരാമർശം (4) പ്രകാരം സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു.

ജീവനക്കാർ ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് സാധുവായ അപേക്ഷകൾ അംഗീകരിക്കുകയും, അംഗീകരിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ അനുകമ്പാർഹ/പ്രത്യേക പരിഗണന നൽകേണ്ട വിഭാഗം/വിരമിക്കുന്നതിന് 2 വർഷം അവശേഷിക്കുന്ന

വിഭാഗം/മാതൃത്വ അവധിയിലുള്ളവർ/കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തി കൊണ്ടുള്ള സംസ്ഥാനതല സ്ഥലംമാറ്റത്തിനായുള്ള അപേക്ഷകരുടെ കരട് ലിസ്റ്റ് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. കരട് ലിസ്റ്റ് പരിശോധിച്ചതിൽ സ്ഥലംമാറ്റം ആവശ്യമില്ലാത്ത പക്ഷം പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ പിൻവലിക്കുന്നതിനും അവസരം ലഭ്യമാക്കിയിരുന്നു. പരാമർശം (6) പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ അപേക്ഷ പിൻവലിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചതിന് ശേഷം അവശേഷിക്കുന്ന സാധുവായ അപേക്ഷ സമർപ്പിച്ചിട്ടുള്ള മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി അന്തിമ ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും , ആയതിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റം നടത്തുന്നതുമാണെന്നും സാധുവായ അപേക്ഷ സമർപ്പിച്ചിട്ടുള്ള മുഴുവൻ ജീവനക്കാരും പൊതുസ്ഥലംമാറ്റത്തിന് വിധേയരാകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

പൊതുസ്ഥലമാറ്റത്തിനായുള്ള കരട് ക്യൂ ലിസ്റ്റിൽ മേൽ ഓൺലൈനായി ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും അപേക്ഷകൾ പിൻവലിച്ചവരെ ഒഴിവാക്കിയും പരാമർശം (7) പ്രകാരം സംസ്ഥാനതല പൊതുസ്ഥലംമാറ്റത്തിനായുള്ള ക്യൂ ലിസ്റ്റ് അന്തിമമാക്കി ഉത്തരവായിരുന്നു.

മേൽ അന്തിമ ക്യൂലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാനതല സ്ഥലംമാറ്റത്തിനായുള്ള അലോട്ട്മെന്റ് ലിസ്റ്റ് പരാമർശം (8) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി അലോട്ട്മെന്റ് ലിസ്റ്റ് 31/05/2022 തീയതി വരെയുള്ള ഡേറ്റാബേസിന്റെ അടിസ്ഥാനത്തിലും സ്ഥാനക്കയറ്റം വഴി ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെയും അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിരുന്നത്.

അലോട്ട് മെന്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരാമർശം (9) ഉത്തരവ് പ്രകാരം കരട് സ്ഥലംമാറ്റ പട്ടിക ആക്ഷേപങ്ങൾ ക്ഷണിച്ച് കൊണ്ട് പ്രസിദ്ധീകരിച്ചിരുന്നു. ടി ലിസ്റ്റിൽ മേൽ ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ച് അക്കൗണ്ടന്റ് തസ്തികയിലെ ജീവനക്കാരുടെ 2022 വർഷത്തെ പൊതുസ്ഥലംമാറ്റ പട്ടിക അന്തിമാക്കിയും, പൊതുസ്ഥലമാറ്റം അനുവദിച്ചും ഉത്തരവാകുന്നു. അന്തിമ പൊതു സ്ഥലംമാറ്റ പട്ടിക അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു . പൊതുസ്ഥലമാറ്റ ഉത്തരവും, അനുബന്ധസ്ഥലംമാറ്റ പട്ടികയും പഞ്ചായത്ത് വകുപ്പിന്റെ https://dop.lsgkerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

സ്ഥലംമാറ്റം ലഭ്യമായ ജീവനക്കാരെ അടിയന്തിരമായി നിലവിലെ ഓഫീസിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള നടപടി ഓഫീസ് മേലധികാരി കൈക്കൊള്ളേണ്ടതാണ്. ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതും വിടുതൽ ,സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

H. DINESHAN IAS
DIRECTOR OF PANCHAYATH

ബന്ധപ്പെട്ട ജീവനക്കാർക്ക് ( ഓഫീസ് മേലധികാരി മുഖാന്തിരം)

പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി. തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. അക്കൗണ്ടന്റ് ജനറല്, (A&E) ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

3. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി. തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര്‍മാര്‍ക്കും
5. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടര്‍മാര്‍ക്കും
6. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാര്‍ക്കും
7 ബന്ധപ്പെട്ട പെര്‍ഫോമന്‍സ് ആഡിറ്റ് സൂപ്പര്‍വൈസര്‍/സീനിയര്‍ സൂപ്രണ്ട്/ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാര്‍
8. കരുതല്‍ / അധികം

Signature Not Verified

Digitally signed by DINESHAN H
Date: 2022.11.11 11:57:40 IST
Reason: Approved